# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്(2)

**2023 ഒക്ടോബർ 31**

---

## എലിക്കുളം സമ്പൂർണ യുദ്രഎ പഞ്ചായത്ത്; പ്രഖ്യാപനം ഇന്ന്

മുതിർന്ന പൗരൻമാരെ ജീവിതത്തിന്റെ ആഹ്ലാദകരമായ മൂന്നാം ഘട്ടത്തിലേക്ക് നയിക്കുന്ന യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെ(യുദ്രഎ) മഹാത്മാ ഗാന്ധി സർവ്വകലാശാലാ ഘടകത്തിനു കീഴിൽ എലിക്കുളത്തെ ഇന്ന് (നവംബർ 1) സമ്പൂർണ യുദ്രഎ ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കും.

ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിന്റെ(ഐ.യു.സി.ഡി.എസ്) ആഭിമുഖ്യത്തിൽ ഇന്ന് അസംബ്ലി ഹാളിൽ സംഘടിപ്പിക്കുന്ന സംസ്ഥാന തല സംഗമത്തോടനുബന്ധിച്ചാണ് പ്രഖ്യാപനം. പ്രവർത്തനമാരംഭിച്ച് ഏതാനും മാസങ്ങൾക്കുള്ളിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 104 യൂണിറ്റുകൾ രൂപീകരിച്ച സർവകലാശാലയിലെ യുദ്രഎയുടെ പ്രാദേശിക തലത്തിലുള്ള വിപുലീകരണത്തിന്റെ ആദ്യ ഘട്ടമാണിത്.

രാവിലെ പത്തിന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പരിപാടി ഉദ്ഘാടനം ചെയ്യും. ഐ.യു.സി.ഡി.എസ് ഡയറക്ടർ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിക്കും. എലിക്കുളം ഗ്രാമപഞ്ചായത്തിലെ 16 ജനപ്രതിനിധികൾക്കും ഐ.യു.സി.ഡി.എസ് നടത്തിയ പരിശീലന പരിപാടിയിൽ പങ്കെടുത്ത 24 പേർക്കും ചടങ്ങിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും.

സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ മുഖ്യ പ്രഭാഷണവും യുദ്രഎ മെന്റർ ഡോ. സി. തോമസ് ഏബ്രഹാം ആമുഖ പ്രഭാഷണവും നടത്തും.

സിൻഡിക്കേറ്റ് അംഗങ്ങളായ പി. ഹരികൃഷ്ണൻ, ഡോ. ബിജു തോമസ്, ഡോ. കെ.എം. സുധാകരൻ, ഡോ. ആർ. അനിത, ഡോ. എ. ജോസ്, ഡോ. എസ്. ഷാജിലാ ബീവി, ഡോ. ബാബു മൈക്കിൾ, ബിജു പുഷ്പൻ, ജസ്റ്റിൻ ജോസഫ്, അഡ്വാൻസ്ഡ് സെന്റർ ഫോർ എൻവയോൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റൈനബിൾ ഡവലപ്മെന്റ്

ഡയറക്ടർ പ്രഫ. എ.പി.തോമസ്, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഡയറക്ടർ ഡോ. ടോണി തോമസ്, ഐ.ക്യു.എ.സി ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ്, എലിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ഷാജി, ഡോ. ഗ്രേസമ്മ മാത്യു, അഡ്വ. ഗീത സാരസ് എന്നിവർ സംസാരിക്കും.

സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

(പി.ആർ.ഒ/39/1306/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**